പതിമൂന്നാം കേരള നിയമസഭ

ഒമ്പതാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 523 | 04-7-2013-ൽ മറുപടിക്ക്

## വെള്ളക്കരം നിശ്ചയിക്കാനും നിയന്ത്രിക്കാനും അതോറിറ്റി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. കോടിയേരി ബാലകൃഷ്ണൻ.<br>ശ്രീ. കെ.വി. അബ്ദുൾ ഖാദർ.<br>പ്രൊഫ. സി. രവീന്ദ്രനാഥ്.<br>ശ്രീ. കെ. കെ. ജയചന്ദ്രൻ | ശ്രീ. പി.ജെ. ജോസഫ്<br>(ജലവിഭവ വകുപ്പ് മന്ത്രി) |
| (എ) വെള്ളക്കരം നിശ്ചയിക്കാനും നിയന്ത്രിക്കാനും അധികാരം നൽകിക്കൊണ്ട് പ്രത്യേക അതോറിറ്റി രൂപീകരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; ഇക്കാര്യത്തിൽ നയപരമായ തീരുമാനം കൈക്കൊണ്ടിട്ടുണ്ടോ; ഇതിനായി നിയമനിർമ്മാണം നടത്താൻ ഉദ്ദേശ്യമുണ്ടോ; ഇതിനായി സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ; | (എ) ദേശീയ കരട് ജലനയം 2012-ൽ എല്ലാ സംസ്ഥാനങ്ങളും റെഗുലേറ്ററി അതോറിറ്റി രൂപീകരിക്കണമെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. സംസ്ഥാന സർക്കാരിന്റെ കരട് ജലനയം തയ്യാറാക്കുന്ന കാര്യം പരിശോധിച്ചുവരുന്നു. |
| (ബി) വെള്ളത്തെ വിൽപന ചരക്കാക്കുന്നു എന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഈ സമീപനത്തിനെതിരെ സംസ്ഥാനത്ത് ശക്തമായ പ്രതിഷേധം ഉയർന്നുവന്നിട്ടുള്ളത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കുമോ? | (ബി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല. കേരള വാട്ടർ അതോറിറ്റി വിവിധ സ്രോതസ്സുകളിൽ നിന്നും ജലം ശേഖരിച്ച് ശുദ്ധീകരിച്ച് പൈപ്പ് വഴി വിതരണം ചെയ്ത് ഉപഭോക്താക്കളിൽ എത്തിക്കുന്ന ശുദ്ധജലത്തിന് നിലവിലെ നിരക്ക പ്രകാരം 1 ലിറ്ററിന് 0.4 പൈസ മുതൽ 2.5 പൈസ വരെ മാത്രമേ ഈടാക്കുന്നുള്ളൂ. |

സെക്ഷൻ ഓഫീസർ